**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** — **12.02.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 2376**

## കെ.സിഫ്റ്റ് പോർട്ടൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | വ്യവസായ സംരംഭകർക്ക് ഓൺലൈനിലൂടെ അനുമതി നൽകുന്നതിനുള്ള കെ-സിഫ്റ്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത അപേക്ഷകളിൽ എത്രയെണ്ണത്തിന് അനുമതി നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്നതിനു വേണ്ടി സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി കെ-സിഫ്റ്റ് 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. കെ-സിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനം വഴി ഇതിനകം 519 കോമൺ അപ്ലിക്കേഷൻ ഫോം സമർപ്പിച്ചതിൽ 481 അനുമതികൾ/ ലൈസൻസുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 251 അനുമതികൾ/ലൈസൻസുകൾ നൽകിയിട്ടുണ്ട്. |
| (ബി) | കെ-സിഫ്റ്റ് പോർട്ടൽ വഴി അനുമതി നൽകുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സമയത്തിനുള്ളിൽ അനുമതി നല്കുമെന്ന് വെളിപ്പെടുത്തുമോ? | | |

**സെക്ഷൻ ഓഫീസർ**